# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.447 21.07.2015-ൽ മറുപടിക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. എം. എ.ബേബി<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉല്പാദന മേഖലയ്ക്ക് നിശ്ചയിച്ചിരുന്ന കുറഞ്ഞ പരിധി ഇല്ലാതായത് കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉല്പാദന മേഖലയ്ക്ക് പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തുന്നതിന് കൂടിയ പരിധിയോ കുറഞ്ഞ പരിധിയോ നിശ്ചയിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം ആകെയുള്ള അടങ്കൽ തുകയുടെ എത്ര തുക വേണമെങ്കിലും ഉല്പാദന മേഖലയിൽ ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശസ്ഥാപനങ്ങൾക്ക് 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ നിലനിർത്തിയിട്ടുണ്ട്. ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകണമെന്നും ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിലും ഉൽപ്പന്നങ്ങളുടെ സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണമെന്നും മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകി പദ്ധതികൾ ഏറ്റെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഗ്രാമീണമേഖലയിലെ കൃഷിയെ ഇത് എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും , സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദന മേഖലയിൽ 85% വരെ വികസനഫണ്ട് ചെലവാക്കാവുന്ന സാഹചര്യമുണ്ടെങ്കിലും ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ വകയിരുത്തുന്ന തുക പശ്ചാത്തല മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഗ്രാമീണ മേഖലയിലും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞു വരുന്നതായി ഇത് സൂചിപ്പിക്കുന്നു. ഫണ്ടിന്റെ അഭാവത്തിലുപരി കർഷകവൃത്തിയിലേർപ്പെടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കൃഷിയെ ബാധിക്കുന്നുണ്ട്. |
| (സി) | കൃഷി വകുപ്പ് മുന്നോട്ട് വച്ച പല പദ്ധതികളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മതിയായ പിന്തുണയില്ലാത്തതിനാൽ പരാജയപ്പെടുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ വേളയിൽ കൃഷിക്ക് പ്രാധാന്യം നൽകുന്നതിന് കൃഷി വകുപ്പിന്റെ താഴെത്തട്ടിലെ ഓഫീസുകൾ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥനും ഈ വിഭാഗത്തിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറും കൃഷി വികസന ഓഫീസർ ആണ്. കൃഷി ഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയിട്ടുള്ള സ്ഥാപനങ്ങളാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലാണ് ഓരോ വർഷവും ഏറ്റെടുക്കുന്ന പ്രോജക്ടു കളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുന്നത്. പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും എല്ലാ ഘട്ടങ്ങളിലും കൃഷി വികസന ഓഫീസർക്കും വർക്കിംഗ് ഗ്രൂപ്പിനും നിർവചിക്കപ്പെട്ടിട്ടുള്ള പങ്ക് നിർവ്വഹിക്കാൻ അവസരമുണ്ട്. |

സെക്ഷൻ ഓഫീസർ